

പ്രൊഫ.ടി.വി.ശശി സ്മാരക

# പാഞ്ചജന്യം പുരസ്കാരം 2023

സമർപ്പണവും സ്മാരകപ്രഭാഷണവും

## സാഹിത്യം : നവമാദ്ധ്യമങ്ങളുടേയും നിർമിതബുദ്ധിയുടേയും കാലത്ത്

**ശ്രീ.എൻ.എസ്.മാധവൻ**

2023 ഒക്ടോബർ16 തിങ്കളാഴ്ച രാവിലെ 10.30ന്

എം.ജി.ഹാൾ, ഗവ.കോളേജ്, ചിറ്റൂർ



സംഘാടനം:

പ്രൊഫ.ടി.വി.ശശി സ്മാരക
പുരസ്കാരസമിതി

പാഞ്ചജന്യം ലൈബ്രറി,
തെക്കേഗ്രാമം, ചിറ്റൂർ

മലയാള വിഭാഗം,
ഗവ.കോളേജ് ചിറ്റൂർ

പ്രിയപ്പെട്ടവരേ,

ചിറ്റൂരിലെ പുരോഗമനസാംസ്കാരിക പൊതുമണ്ഡലത്തിന് സജീവമായ നേതൃത്വം കൊടുത്തുകൊണ്ട് പ്രവർത്തിച്ച വാഗ്മിയും എഴുത്തുകാരനും ദീർഘകാലം ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ മലയാളഭാഷാവിഭാഗം അദ്ധ്യാപകനുമായിരുന്ന പ്രൊഫ.ടി.വി.ശശിമാഷുടെ സ്മരണക്കായി പാഞ്ചജന്യം ലൈബ്രറിയും ചിറ്റൂർ കോളേജിലെ മലയാളഭാഷാവിഭാഗവും ചേർന്ന് കഴിഞ്ഞ വർഷം മുതൽ ഒരു സംരംഭത്തിന് തുടക്കമിട്ടിരുന്നു. വിവിധ സർവകലാശാലകളിൽ മലയാളഭാഷയിൽ സമർപ്പിക്കപ്പെട്ട മികച്ച ഗവേഷണ പ്രബന്ധത്തിന് പ്രൊഫ.ടി.വി.ശശി സ്മാരക പുരസ്കാരവും, ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടത്തുന്ന സ്മാരകപ്രഭാഷണവും ആണത്.

ഈ വർഷത്തെ പുരസ്കാരനിർണയം പൂർത്തിയായിക്കഴിഞ്ഞു. ഇപ്പോൾ കണ്ണൂർ സർവകലാശാലയിൽ അദ്ധ്യാപകനായ ഡോ.റഫീഖ് ഇബ്രാഹിം സമർപ്പിച്ച “സാഹിത്യരൂപവും സംസ്കാരചരിത്രവും : ആധുനിക മലയാളസന്ദർഭങ്ങളെ മുൻ നിർത്തിയുള്ള വിശകലനം” എന്ന പ്രബന്ധമാണ് പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത്.

ഈ വർഷത്തെ സ്മാരകപ്രഭാഷണവും പുരസ്കാരസമർപ്പണവും നടത്തുന്നത് പ്രശസ്ത ചെറുകഥാകൃത്തും എഴുത്തുകാരനുമായ ശ്രീ.എൻ.എസ്.മാധവനാണ്.

‘സാഹിത്യം : നവമാദ്ധ്യമങ്ങളുടേയും നിർമിതബുദ്ധിയുടേയും കാലത്ത്’ എന്ന വിഷയത്തെ അധികരിച്ചാണ് അദ്ദേഹം സംസാരിക്കുക. മലയാള

ചെറുകഥയുടെ എഴുപതുകൾ മുതലുള്ള ഭാവുകത്വപരിണാമങ്ങളുടെ മുമ്പിൽ നടക്കുകയും വിവരസാങ്കേതികതയുടെ വിപ്ലവകരമായ വേഗങ്ങൾക്കൊപ്പം സ്വയം പുതുക്കുകയും ചെയ്ത എഴുത്തുകാരനാണ് ശ്രീ.എൻ.എസ്.മാധവൻ. അതോടൊപ്പം തന്റെ കഥകളിൽ ധ്വനിപ്പിക്കുന്ന സൂക്ഷ്മരാഷ്ട്രീയത്തിലൂടെ സമകാലിക ഇന്ത്യൻ സാഹചര്യങ്ങളെ കൃത്യമായി അഭിസംബോധന ചെയ്തുപോരുന്ന അനുഭവസമ്പന്നനായ ചെറുകഥാകൃത്തുമാണ്.

അദ്ദേഹം സംസാരിക്കുന്ന ഈ സദസ്സ് അതുകൊണ്ടുതന്നെ ശശി മാഷ്ക്കുള്ള ഉചിതമായ ആദരവും അനുസ്മരണവുമാവുമെന്ന് ഞങ്ങൾ കരുതുന്നു.

പാഞ്ചജന്യം ലൈബ്രറി ആരംഭിച്ച കാലം മുതൽ പ്രവർത്തകർക്ക് ദിശാബോധം പകർന്നുതന്നുകൊണ്ട് കൂടെ നിൽക്കുകയും ശബ്ദം കൊണ്ടും എഴുത്തു കൊണ്ടും ഊർജം പകരുകയും ചെയ്ത വഴികാട്ടിയായിരുന്നു ശശിമാഷ്. അതോടൊപ്പം ഏതു സമയവും സംശയമില്ലാതെ ആശ്രയിക്കാവുന്ന അറിവിന്റെ ശേഖരവും. ഒരു പ്രദേശത്തിന്റെ സാംസ്കാരികമായ തെളിച്ചത്തിനായി സ്വന്തം ജീവിതത്തിന്റെ അനുഭവവെളിച്ചങ്ങൾ പകർന്നു നൽകിയ ശശിമാഷെപ്പോലുള്ള ഒരു അദ്ധ്യാപകന്റെ ഓർമ്മകൾക്കായി ഒരുക്കിയ ഈ വേദിയിൽ താങ്കളുടേയും സുഹൃത്തുക്കളുടേയും സകുടുംബമുള്ള സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. 2023 ഒക്ടോബർ 16 ന രാവിലെ 10.30ന് ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ എം.ജി ഹാളിലേക്ക് ക്ഷണിക്കുന്നു.

സാദരം

പ്രൊഫ.ടി.വി.ശശി പുരസ്കാരസമിതിക്കു വേണ്ടി


**സി.എസ്.ശ്രീവത്സൻ**
പ്രസിഡണ്ട്
പാഞ്ചജന്യം ലൈബ്രറി
ഫോൺ: 9447248503

**രവിശങ്കർ.എൻ**
ചെയർമാൻ
പ്രൊഫ.ടി.വി.ശശി പുരസ്കാരസമിതി
ഫോൺ: 9446829439

**സി.രൂപേഷ്**
സെക്രട്ടറി
പാഞ്ചജന്യം ലൈബ്രറി
ഫോൺ: 9447493933

**ഡോ.അഞ്ജന.വി.ആർ**
മലയാളഭാഷാവിഭാഗം
ഗവ.കോളേജ്, ചിറ്റൂർ
ഫോൺ: 9446635427


**2023 ലെ പ്രൊഫ.ടി.വി.ശശി പുരസ്കാരനിർണയസമിതി അംഗങ്ങൾ**

അദ്ധ്യക്ഷൻ:
**ഡോ.എം.വി.നാരായണൻ**
*വി.സി, കാലടി സർവകലാശാല*
അംഗങ്ങൾ:
**ഡോ.മ്യൂസ് മേരി**
*ഡയറക്ടർ, സർവവിജ്ഞാനകോശം*

**ഡോ.അനിൽ.കെ.എം**
*മലയാള സർവകലാശാല, തിരൂർ*

**ഡോ.എൻ.അജയകുമാർ**
*പൂർവാദ്ധ്യാപകൻ,*
*കാലടി സർവകലാശാല*



**പുരസ്കാരജേതാവിനെക്കുറിച്ച്:**

റഫീഖ് ഇബ്രാഹിം (ഔദ്യോഗികനാമം: അബ്ദുൾ റഫീഖ്). വയനാട് സ്വദേശി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്ന് എം. ഫിൽ., പി.എച്ച്.ഡി. എന്നിവ പൂർത്തീകരിച്ചു. ഡോ. സുനിൽ.പി.ഇളയിടത്തിനു കീഴിലായിരുന്നു ഗവേഷണം. നിലവിൽ കണ്ണൂർ സർവകലാശാല മലയാളവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ. 'പി.ജി.യുടെ ചിന്താലോകം' എന്ന പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പ്രബന്ധത്തെക്കുറിച്ച് പുരസ്കാരനിർണയസമിതി:**

“സാഹിത്യരൂപവും സംസ്കാരചരിത്രവും : ആധുനിക മലയാളസന്ദർഭങ്ങളെ മുൻനിർത്തിയുള്ള വിശകലനം” എന്ന പ്രബന്ധമാണ് ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടത്. ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തിൽ പ്രധാനമായ മൂന്നു സന്ദർഭങ്ങളെ – പ്രാസവാദം, രൂപഭദ്രതാവാദം, ആധുനികതാവാദം – വിശകലനം ചെയ്തു കൊണ്ട് സാഹിത്യരൂപം എന്ന പ്രശ്നത്തെ സാംസ്കാരികമായി പഠിക്കുന്ന പ്രബന്ധമാണ് ഡോ.റഫീഖ് ഇബ്രാഹിമിന്റേത് . രൂപം, ഭാവം എന്ന ലളിതയുക്തിയിൽ നിന്നു വ്യത്യസ്തമായി രൂപത്തിന്റെ ചലനസ്വഭാവം വ്യക്തമാക്കുകയും അതെങ്ങനെ സാഹിത്യത്തെ അതിന്റെ ഉത്ഭവസന്ദർഭങ്ങളിൽ നിന്നു വിട്ട് പാഠാന്തരതയിലേക്കു വളരാൻ സഹായിക്കുന്നുവെന്നു പരിശോധിക്കുകയും ചെയ്യുന്നു. മലയാള ഗവേഷണത്തിൽ കാര്യമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത വിഷയം തെരഞ്ഞെടുക്കുകയും പര്യാപ്തമായി വിശദീകരിക്കുകയും പ്രസക്തമായ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തുവെന്നത് പ്രബന്ധത്തിന്റെ മേന്മയാണ്. ധാരാളം തെളിവുകളുടെ പിൻബലമില്ലാതെ ഒരു നിഗമനവും പ്രബന്ധകർത്താവ് അവതരിപ്പിച്ചിട്ടില്ല. ചിലയിടത്ത് അല്പം സങ്കീർണത തോന്നുമെങ്കിലും കൃത്യതയും സൂക്ഷ്മതയുമുള്ള ഭാഷ പ്രയോഗിക്കാൻ പ്രബന്ധകർത്താവ് ശ്രദ്ധിച്ചിട്ടുണ്ട്. സൈദ്ധാന്തികമായ ഉൾക്കരുത്ത്, ഉപാദാനങ്ങളുടെ പര്യാപ്തത, വിപുലമായ ഗ്രന്ഥപരിചയം എന്നിവ പ്രബന്ധത്തെ ശ്രദ്ധേയമാക്കുന്നു.

ആശംസകളോടെ

**പ്രൊഫ.ടി.വി.ശശി പുരസ്കാരസമിതി**

**പാഞ്ചജന്യം ലൈബ്രറി & ഫിലിം സൊസൈറ്റി**

തെക്കേഗ്രാമം, ചിറ്റൂർ, പാലക്കാട് 678103